REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 14-02-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **അസമിൽ മൊറാൻ ബൈപ്പാസിലെ അടിയന്തിര ലാൻഡിംഗ് ഫെസിലിറ്റി പ്രധാനമന്ത്രി നരേന്ദ്രമോദി നാടിന് സമർപ്പിച്ചു. 5,450 കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ ഗോഹട്ടിയിൽ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.**
- **2019 ലെ പുൽവാമ ഭീകരാക്രമണത്തിൽ ജീവൻ ബലിയർപ്പിച്ച ധീര ജവാന്മാർക്ക് ഉപരാഷ്ട്രപതി CP രാധാകൃഷ്ണനും പ്രധാനമന്ത്രി നരേന്ദ്ര മോദിയും ആദരാഞ്ജലി അർപ്പിച്ചു.**
- **കൊല്ലം റെയിൽവേ സ്റ്റേഷനിലെ ബഹുനില കാർ പാർക്കിങ് കേന്ദ്രം വൈകിട്ട് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്യും.**
- **സംസ്ഥാന പോലീസ് സേനയ്ക്കായി വാങ്ങിയ പുതിയ വാഹനങ്ങൾ തിങ്കളാഴ്ച തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ഫ്ളാഗ് ഓഫ് ചെയ്യും.**
- **സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണത്തിലെ ഹിയറിംഗ് ഇന്ന് അവസാനിക്കും.**
- **ISL ഫുട്ബോൾ പന്ത്രണ്ടാം സീസൺ മത്സരങ്ങൾക്ക് ഇന്ന് തുടക്കമാകും.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി അസമിലെ മൊറാൻ ബൈപ്പാസിൽ നിർമ്മിച്ച അടിയന്തിര ലാൻഡിംഗ് ഫെസിലിറ്റി നാടിന് സമർപ്പിച്ചു. യുദ്ധ വിമാനങ്ങളുടെയും ചരക്ക് വിമാനങ്ങളുടേയും ഹെലികോപ്ടറുകളുടെയും

പ്രകടനം പ്രധാനമന്ത്രി വീക്ഷിച്ചു. തുടർന്ന് ദിബ്രുഗഡിലേക്ക് യാത്ര തിരിച്ച പ്രധാനമന്ത്രി ഗോഹട്ടിയിലെ 5,450 കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്യും.

PM E- ബസ് സേവ സ്കീമിൽ നാല് ഇന്ത്യൻ നഗരങ്ങൾക്കനുവദിച്ച 225 വൈദ്യുതി ബസുകൾ അദ്ദേഹം ഓൺലൈനായി ഫ്ലാഗ് ഓഫ് ചെയ്യും.

✪✪✪

നിരവധി തടസ്സങ്ങൾക്കിടയിലും അഭൂതപൂർവമായ വികസനം ഇന്ത്യയ്ക്ക് ഈ ദശകത്തിൽ നേടാനായെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ജനാധിപത്യത്തെ ശക്തിപ്പെടുത്താനും വിതരണ രംഗത്തെ കരുത്തുറ്റതാക്കാനും രാജ്യത്തിന് സാധ്യമായി. 21-ാം നൂറ്റാണ്ടിന്റെ ഈ ദശകത്തിൽ പരിവർത്തനത്തിന്റെ അതിവേഗ സഞ്ചാരത്തിലാണ് ഇന്ത്യ. കഴിഞ്ഞ ദശകത്തിന്റെ തുടക്കത്തിൽ ലോകത്തെ 11ാമത് സാമ്പത്തിക ശക്തിയായിരുന്ന രാജ്യം ഇപ്പോൾ മൂന്നാം സ്ഥാനത്തേക്ക് കുതിക്കുകയാണെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി. ന്യൂഡൽഹിയിൽ ET NOW ഗ്ലോബൽ ബിസിനസ് ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി.

✪✪✪

2019 ലെ പുൽവാമ ഭീകരാക്രമണത്തിൽ ജീവൻ ബലിയർപ്പിച്ച ധീര ജവാന്മാർക്ക് ഉപരാഷ്ട്രപതി CP രാധാകൃഷ്ണനും പ്രധാനമന്ത്രി നരേന്ദ്ര മോദിയും ആദരാഞ്ജലി അർപ്പിച്ചു. ശക്തവും സുരക്ഷിതവുമായ ഇന്ത്യ കെട്ടിപ്പടുക്കുന്നതിനായി പ്രവർത്തിക്കാൻ ഓരോ പൗരനെയും ധീരജവാന്മാരുടെ ത്യാഗം തുടർന്നും പ്രചോദിപ്പിക്കുമെന്ന് ഉപരാഷ്ട്രപതി പ്രത്യാശ പ്രകടിപ്പിച്ചു.

സൈനികരുടെ സമർപ്പണം, ദൃഢനിശ്ചയം, രാഷ്ട്രസേവനം എന്നിവ ജനഹൃദയങ്ങളിൽ എന്നും നിലനിൽക്കുമെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

CBSE പന്ത്രണ്ടാം ക്ലാസ്സ് പരീക്ഷയുടെ പുനർമൂല്യനിർണ്ണയം നിർത്തലാക്കാൻ തീരുമാനിച്ചതായി പരീക്ഷാ കൺട്രോളർ ഡോ.സന്യാം ഭരദ്വാജ് പറഞ്ഞു. മൂല്യനിർണ്ണയം ഡിജിറ്റൽ രൂപത്തിലാക്കിയതിനാൽ തെറ്റ് വരാൻ സാധ്യത ഇല്ലാത്തതുകൊണ്ടാണ് ഇത്തരമൊരു തീരുമാനമെന്നും പത്താം ക്ലാസിൽ പുനർമൂല്യനിർണ്ണയം തുടരുമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

കൊല്ലം റെയിൽവേ സ്റ്റേഷനിലെ പുതിയ ബഹുനില കാർ പാർക്കിങ് കേന്ദ്രം വൈകിട്ട് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്യും. 30 കോടിയോളം രൂപ ചെലവിൽ അമൃത് ഭാരത് സ്റ്റേഷൻ പദ്ധതി പ്രകാരം അഞ്ച് നിലകളിലായി നിർമിച്ച കെട്ടിടത്തിൽ 200-ലധികം ഇരുചക്ര വാഹനങ്ങളും, 130 ലധികം നാലുചക്ര വാഹനങ്ങളും പാർക്ക് ചെയ്യാൻ സൗകര്യമുണ്ട്.

✪✪✪

സംസ്ഥാന പോലീസ് സേനയുടെ യൂണിറ്റുകൾക്കായി വാങ്ങിയ പുതിയ വാഹനങ്ങൾ തിങ്കളാഴ്ച തിരുവനന്തപുരം SAP പരേഡ് ഗ്രൗണ്ടിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഫ്ളാഗ് ഓഫ് ചെയ്യും. സേനയുടെ കാര്യക്ഷമതയും അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിന്റെയും കാലഹരണപ്പെട്ട വാഹനങ്ങൾ ഘട്ടങ്ങളായി മാറ്റുന്നതിന്റെയും ഭാഗമായാണ് പുതിയ വാഹങ്ങൾ അനുവദിച്ചത്. സംസ്ഥാന പോലീസ് മേധാവി രവദാ ചന്ദ്രശേഖർ, ഉന്നത പൊലീസുദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിക്കും.

✪✪✪

മലപ്പുറം ജില്ലയിൽ 20 കോടി 55 ലക്ഷം രൂപയുടെ പദ്ധതികൾ മന്ത്രി വീണാ ജോർജ് ഇന്ന് ഉദ്ഘാടനം ചെയ്യും. 19 കോടി രൂപ ചെലവിൽ നിർമ്മിച്ച നിലമ്പൂർ ജില്ലാ ആശുപത്രിയിലെ സ്ത്രീകളുടേയും കുട്ടികളുടെയും ബ്ലോക്ക്, കോട്ടക്കുന്നിൽ സജ്ജമാക്കിയ ഫുഡ് സ്ട്രീറ്റ്, എന്നീ പദ്ധതികളാണ് നാടിന് സമർപ്പിക്കുന്നത്. ഇരിങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ കുറ്റിത്തറമേൽ ജനകീയാരോഗ്യ കേന്ദ്രത്തിന് മന്ത്രി തറക്കല്ലിടുകയും ചെയ്യും.

✪✪✪

തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണത്തിൽ സംസ്ഥാനത്തെ 122 നിയോജകമണ്ഡലങ്ങളിൽ നോട്ടീസ് നൽകിയവരുടെ ഹിയറിങ്ങ് പൂർത്തിയായതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U ഖേൽക്കർ അറിയിച്ചു. ശേഷിക്കുന്ന നിയോജകമണ്ഡലങ്ങളിൽ വോട്ടർപട്ടിക പരിഷ്കരണ നടപടികൾ അതിവേഗം പൂർത്തിയാക്കാൻ നിർദേശം നൽകിയതായും CEO പറഞ്ഞു. ഹിയറിങ് ഇന്ന് അവസാനിക്കും. സംസ്ഥാനത്തെ അന്തിമ വോട്ടർ പട്ടിക ഈ മാസം 21ന് പ്രസിദ്ധീകരിക്കും.

✪✪✪

ആഗോള അയ്യപ്പ സംഗമത്തിലെ തട്ടിപ്പുകാരെ നിയമത്തിനു മുന്നിൽ കൊണ്ടുവരണമെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ ആവശ്യപ്പെട്ടു. വ്യാപകമായി ക്രമക്കേട് നടന്നിട്ടുണ്ടെന്നും ഇതിലെല്ലാം സംസ്ഥാന ഗവൺമെന്റിന് പങ്കുണ്ടെന്നും VD സതീശൻ ആരോപിച്ചു. ഗവണ്മെന്റ്

ഇക്കാര്യത്തിൽ കണക്കുപറഞ്ഞേ മതിയാവൂ എന്നും UDF ഉന്നയിച്ച എല്ലാ ആരോപണങ്ങളും ശരിയായിരുന്നുവെന്ന് തെളിയുകയാണെന്നും സതീശൻ മലപ്പുറത്ത് മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

ആഗോള അയ്യപ്പ സംഗമവുമായി ബന്ധപ്പെട്ട് പുറത്തുവന്ന കണക്കുകൾ ശരിയല്ലെന്നും ഇപ്പോൾ പുറത്ത് വന്നത് എസ്റ്റിമേറ്റ് മാത്രമാണെന്നും CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ പറഞ്ഞു. ഇപ്പോൾ പുറത്തുവരുന്ന വിവരങ്ങൾ ജനങ്ങളെ കബളിപ്പിക്കുന്ന പുകമറ മാത്രമാണെന്നും സാമ്പത്തിക തിരിമറി ഉണ്ടായിട്ടില്ലെന്നും വടക്കൻ മേഖലാ വികസന മുന്നേറ്റ ജാഥയ്ക്കിടെ MV ഗോവിന്ദൻ പൊന്നാനിയിൽ പറഞ്ഞു.

✪✪✪

ആഗോള അയ്യപ്പ സംഗമവുമായി ബന്ധപ്പെട്ട കണക്കുകൾ കനൽപോലെ കത്തുന്നത് അവസാനിപ്പിക്കുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡണ്ട് ഡോ. കെ.ജയകുമാർ പറഞ്ഞു. അഡ്വാൻസായി നൽകിയ മൂന്നു കോടി രൂപ തിരികെ ലഭിച്ചതായും ചൊവ്വാഴ്ചത്തെ യോഗത്തിലേക്ക് സ്വകാര്യ ഓഡിറ്ററെ വിളിക്കുമെന്നും ജയകുമാർ തിരുവനന്തപുരത്തു പറഞ്ഞു.

✪✪✪

കേരളത്തിലെ വികസനത്തെക്കുറിച്ചും ജനക്ഷേമപ്രവർത്തനങ്ങളെക്കുറിച്ചും ചർച്ച ചെയ്യാതിരിക്കാനാണ് മറ്റു പല വിവാദങ്ങളും ചിലർ സൃഷ്ടിച്ചെടുക്കുന്നതെന്ന് കേരള കോൺഗ്രസ് (M) നേതാവ് ജോസ് K മാണി പറഞ്ഞു. പാർട്ടിയ്ക്ക് താൻ മത്സരിക്കണമെന്നുണ്ടെന്നും അക്കാര്യം സ്വയം എങ്ങനെ പറയുമെന്നും മധ്യമേഖലാ വികസന മുന്നേറ്റ ജാഥയ്ക്കിടെ ജോസ് K മാണി മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

സത്യം പറയുന്നവരെ അപമാനിക്കുന്ന ശൈലി CPIM നു ചേർന്നതല്ലെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. കവി സച്ചിദാനന്ദനും, മുതിർന്ന CPI നേതാവ് C ദിവാകരനും കഴിഞ്ഞ ദിവസങ്ങളിൽ നടത്തിയ പ്രസ്താവനയെത്തുടർന്നുണ്ടായ വിവാദ സംഭവങ്ങളിലാണ് രമേശ് ചെന്നിത്തല മാധ്യമങ്ങളോട് പ്രതികരിച്ചത്.

✪✪✪

ഫറോക്ക് മിനി സിവിൽ സ്റ്റേഷൻ വൈകിട്ട് മന്ത്രി KN ബാലഗോപാൽ നാടിന് സമർപ്പിക്കും. വാണിജ്യ നികുതി വകുപ്പിന് കീഴിലുണ്ടായിരുന്ന ഫറോക്ക് ചുങ്കത്തെ പഴയ ചെക്ക് പോസ്റ്റിന്റെ 23 സെന്റ് സ്ഥലത്താണ് 10 കോടി രൂപ ചെലവിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിച്ചത്. ആറ് ഓഫീസുകൾ പുതിയ മിനി സിവിൽ സ്റ്റേഷനിലേക്ക് പ്രവർത്തനം മാറ്റിയിട്ടുണ്ട്.

✪✪✪

114 - മത് അയിരൂർ - ചെറുകോൽപ്പുഴ ഹിന്ദുമത പരിഷത്തിനു പമ്പാതീരത്തെ വിദ്യാധിരാജ നഗറിൽ നാളെ തുടക്കമാകും.

ഉച്ചകഴിഞ്ഞ് തിരുനാവായ മഹാമാഘ മഹോത്സവ പരമാചാര്യൻ മഹാമണ്ഡലേശ്വർ സ്വാമി ആനന്ദവനം ഭാരതി മഹാരാജ് ഹിന്ദുമത പരിഷത്ത് ഉദ്ഘാടനം ചെയ്യും. വാഴൂർ മഠധിപതി ശ്രീമദ് പ്രജ്ഞാനാനന്ദ തീർത്ഥപാദർ അനുഗ്രഹ പ്രഭാഷണം നടത്തും.

✪✪✪

ആലുവ മഹാദേവ ക്ഷേത്രത്തിലെ ശിവരാത്രി മഹോത്സവത്തോടനുബന്ധിച്ച് കൊച്ചി മെട്രോ പ്രത്യേക സർവീസുകൾ നടത്തും. നാളെ തൃപ്പൂണിത്തുറ ടെർമിനലിൽ നിന്ന് അവസാന സർവീസ് രാത്രി 11.30-നായിരിക്കും. തിങ്കളാഴ്ച്ച പുലർച്ചെ നാലിന് ആലുവ മെട്രോ സ്റ്റേഷനിൽ നിന്ന് സർവീസ് ആരംഭിക്കും. 30 മിനിറ്റ് ഇടവേളയിൽ സർവീസ് നടത്തുമെന്നും തുടർന്ന് ട്രെയിനുകൾ പതിവ് ടൈംടേബിൾ പ്രകാരം സർവീസ് നടത്തുമെന്നും കൊച്ചി മെട്രോ അറിയിച്ചു.

✪✪✪

ശബരിമല സ്വർണക്കൊള്ള കേസുമായി ബന്ധപ്പെട്ട് സന്നിധാനത്തെ സ്വർണപ്പാളികളിൽ നിന്ന് അന്വേഷണസംഘം ശേഖരിച്ച വലിയ ഭാഗങ്ങൾ ഫോറൻസിക് പരിശോധനക്ക് അയയ്ക്കാൻ തിങ്കളാഴ്ച കൊല്ലം കോടതിയിൽ ഹാജരാക്കും. ഇതോടെ ദ്വാരപാലക ശിൽപ്പത്തിന്റെ കൈയ്യുടെ ഭാഗത്ത് വലിയ വിടവ് രൂപപ്പെട്ടു. എന്നാൽ പാളികൾ ഈ രൂപത്തിൽ ദീർഘകാലം വയ്ക്കാൻ കഴിയില്ലെന്നാണ് തന്ത്രിയുടെ നിലപാട്. വിശദ പരിശോധനയ്ക്ക് വലിയ ഭാഗങ്ങൾ മുറിച്ചെടുക്കാതെ വഴിയില്ലെന്ന നിലപാടിലായിരുന്നു അന്വേഷണസംഘം.

✪✪✪

ഇടുക്കിയിലെ വിനോദസഞ്ചാര മേഖലയ്ക്ക് പുതിയ ഉണർവ് നൽകി ഇടുക്കി ആർച്ച് ഡാം പ്രതലത്തിലെ ലേസർ ഷോയ്ക്ക് തുടക്കമായി. ലോകപ്രശസ്തമായ ആർച്ച് ഡാമിനെ കൂറ്റൻ സ്ക്രീനാക്കി മാറ്റി രാത്രികാലങ്ങളിൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതാണ് പദ്ധതി.

ഇടുക്കിയിൽ നിന്ന് രതീഷ് കൃഷ്ണ...

.........വോയ്സ്.......

ഏഷ്യയിലെ രണ്ടാമത്തെ വലിയ ആർച്ച് ഡാം എന്ന ഖ്യാതിയുള്ള ഇടുക്കി ഡാമിനെ ഒരു നവ്യമായ വിനോദസഞ്ചാര അനുഭവമാക്കി മാറ്റുകയാണ് ലേസർ ഷോയിലൂടെ ലക്ഷ്യമിടുന്നത്. ആധുനിക സാങ്കേതികവിദ്യയും ഡാം സുരക്ഷാ അതോറിറ്റിയുടെ നിർദ്ദേശങ്ങളും കൃത്യമായി പാലിച്ചുകൊണ്ടാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പകൽസമയത്തെ പ്രകൃതിഭംഗിക്ക് പുറമെ, രാത്രിയിൽ ഡാം പ്രതലത്തിൽ തെളിയുന്ന വെളിച്ച വിസ്മയം സഞ്ചാരികൾക്ക് വേറിട്ടൊരു ദൃശ്യാനുഭവമാകും. വിനോദത്തിനൊപ്പം ഇടുക്കി ഡാമിന്റെ ചരിത്രവും പ്രാധാന്യവും വിഷ്വൽ മീഡിയത്തിലൂടെ ജനങ്ങളിലേക്ക് എത്തിക്കാൻ ഈ പദ്ധതി സഹായിക്കുമെന്നാണ് കണക്ക് കൂട്ടൽ. ഇതിലൂടെ വിദേശ സഞ്ചാരികളെയടക്കം ആകർഷിക്കാനും ജില്ലയിലെ ഹൈഡൽ ടൂറിസം സാധ്യതകൾ വർദ്ധിപ്പിക്കാനും സാധിക്കും. കൂടുതൽ സഞ്ചാരികൾ എത്തുന്നതോടെ ഹോംസ്റ്റേകൾ, ഹോട്ടലുകൾ, ടാക്സി സർവീസുകൾ തുടങ്ങിയ മേഖലകളിൽ വലിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും. സാധാരണക്കാരായ ജനങ്ങളുടെ ഉപജീവനമാർഗ്ഗങ്ങളിൽ വലിയ ചലനങ്ങൾ സൃഷ്ടിക്കാൻ ലേസർ ഷോ പദ്ധതിക്ക് കഴിയുമെന്നാണ് പ്രതീക്ഷ. ജില്ലയുടെ സാമ്പത്തിക വളർച്ചയ്ക്കും ടൂറിസം വികസനത്തിനും ഈ സംരംഭം കരുത്തേകും.

✪✪✪

കേരളത്തിന്റെ വികസനത്തിന് ആവശ്യമായ  നിരവധി പദ്ധതികൾ കേന്ദ്ര ബജറ്റിൽ ഉണ്ടെന്ന് BJP നേതാവ് D. പുരന്ദേശ്വരി കോഴിക്കോട്ട് പറഞ്ഞു. നാളികേരമേഖലയിലെ ഉൽപ്പാദനം വർധിപ്പിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് പ്രത്യേക നാളികേര പ്രോത്സാഹന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്.

പെൺകുട്ടികൾക്ക് ഓരോ ജില്ലയിലും ഓരോ ഹോസ്റ്റൽ സ്ഥാപിക്കുമെന്നും പുരന്ദേശ്വരി അറിയിച്ചു..

✪✪✪

ISL ഫുട്ബോൾ പന്ത്രണ്ടാം സീസൺ മത്സരങ്ങൾക്ക് ഇന്ന്  തുടക്കമാകും. ആദ്യ മത്സരത്തിൽ കേരള ബ്ലാസ്റ്റേഴ്സും  നിലവിൽ ജേതാക്കളായ മോഹൻബഗാൻ സൂപ്പർ ജയന്റും ഏറ്റുമുട്ടും.  വൈകീട്ട്  അഞ്ചിന് കൊൽക്കത്ത സാൾട്ട് ലേക്ക് സ്റ്റേഡിയത്തിലാണ് മത്സരം. തുടർന്ന് 7.30ന് FC ഗോവയും, ഇന്റർ കാശിയും തമ്മിലാണ് രണ്ടാം മത്സരം.

✪✪✪

ICC ട്വന്റി 20 ലോകകപ്പ്  ക്രിക്കറ്റിൽ ഇന്ന് മൂന്ന് മത്സരങ്ങൾ. കൊളംബോയിൽ അയർലന്റ് - ഒമാൻ മത്സരം ആരംഭിച്ചു. കൊൽക്കത്തയിൽ ഉച്ച കഴിഞ്ഞ് മൂന്നിന് രണ്ടാം മത്സരത്തിൽ  ഇംഗ്ലണ്ട്, സ്കോട്ട്‌ലന്റിനെ നേരിടും. മൂന്നാം മത്സരത്തിൽ വൈകിട്ട് ഏഴിന് അഹമ്മദാബാദിൽ ന്യൂസിലാന്റും ദക്ഷിണാഫ്രിക്കയും തമ്മിലാണ് മത്സരം.

✪✪✪

*News Editor  അനിൽ ചന്ദ്രൻ*
*News Reader:  നിഷിത കുമാരി*
*NRTS :, സിയാബ് , മണികണ്ഠൻ*
*DEO: സി കെ സുബോധ്*